Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/2021/1562(8)　　　　　　　　　　　　　　തീയതി : 23/02/2021

## <u>സർക്കുലർ</u>

**വിഷയം: കൈറ്റ് - ലിറ്റിൽ കൈറ്റ്സ് 2020-23 ബാച്ചിലേയ്ക്കുള്ള അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച്**

സൂചന: സ. 1. ഉ(സാധാ) നം.361/2018/പൊ.വി.വ തീയതി 20.01.2018.

2. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 22.02.2021 ലെ KITE/2021/1562(62) നോട്ട് ഓർഡർ

പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് ഹൈസ്കൂളുകളിൽ പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ 2020-23 ബാച്ചിലേയ്ക്ക് അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് അഭിരുചി പരീക്ഷ 2021 ഏപ്രിൽ മാസത്തിൽ നടത്തുന്നതാണ്. പരീക്ഷ സംബന്ധിച്ച നിർദേശങ്ങൾ പുറപ്പെടുവിക്കുന്നു:

1. യൂണിറ്റ് രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള വിദ്യാലയങ്ങളിൽ പുതിയ ബാച്ചിലേക്കുള്ള അംഗങ്ങളെ തെരഞ്ഞെടുക്കുന്നതിന് പ്രത്യേക അഭിരുചി പരീക്ഷ നടത്തേണ്ടതാണ്.

2. യൂണിറ്റ് അനുവദിച്ചിട്ടുള്ള വിദ്യാലയങ്ങളിൽ 2020-21 വർഷത്തിലെ എട്ടാം ക്ലാസ് വിദ്യാർത്ഥികൾക്കാണ് അഭിരുചി പരീക്ഷ നടത്തേണ്ടത്.

3. ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച വിശദാംശങ്ങൾ യൂണിറ്റ് പ്രവർത്തിക്കുന്ന വിദ്യാലയങ്ങളിലെ ക്ലാസ് അധ്യാപകർ മുഖാന്തിരം എല്ലാ എട്ടാം ക്ലാസ് വിദ്യാർത്ഥികളേയും അറിയിക്കുന്നതിന് പ്രഥമാധ്യാപകർ ക്രമീകരണം ഒരുക്കേണ്ടതും ആയത് ഉൾപ്പെടുത്തേണ്ടതുമാണ്.

4. അഭിരുചി പരീക്ഷയിൽ 40 ശതമാനമോ അതിലധികമോ മാർക്ക് നേടുന്നതിൽ മികച്ച നിശ്ചിത എണ്ണം കുട്ടികൾക്ക് അംഗത്വം നൽകേണ്ടതാണ്. (ഓരോ യൂണിറ്റിലും അനുവദിച്ചിട്ടുള്ള അംഗങ്ങളുടെ എണ്ണം കൈറ്റ് വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്).

5. അഭിരുചി പരീക്ഷയിൽ ഇരുപതോ അതിലധികമോ വിദ്യാർത്ഥികൾ അർഹത നേടിയാൽ മാത്രമേ യൂണിറ്റിന് ബാച്ച് അനുവദിക്കുകയുള്ളൂ. പ്രഥമാധ്യാപകർ ഇക്കാര്യം ഉറപ്പുവരുത്തി പരീക്ഷ ക്രമീകരിക്കേണ്ടതാണ്.

6. അഞ്ച്, ആറ്, ഏഴ് ക്ലാസുകളിലെ ഐ.സി.ടി. പാഠപുസ്തകം 2020-21 വർഷത്തിൽ കൈറ്റ് വിക്ടേഴ്സിലൂടെ സംപ്രേഷണം ചെയ്ത എട്ടാം ക്ലാസിലെ ഐ .സി.ടി. ക്ലാസുകൾ, ഐ.ടി. മേഖലയിലെ പൊതുവിജ്ഞാനം, പ്രോഗ്രാമിംഗ് യുക്തിയുമായി ബന്ധപ്പെട്ട മേഖല എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കിയാണ് അഭിരുചി പരീക്ഷ നടത്തുന്നത്. ഇക്കാര്യം 2020-21-ലെ എട്ടാം ക്ലാസ് വിദ്യാർത്ഥികളെ പ്രത്യേകം അറിയിക്കേണ്ടതാണ്.

7. അഭിരുചി പരീക്ഷ പ്രത്യേകമായി തയാറാക്കിയ സോഫ്റ്റ്‌വെയർ ഉപയോഗിച്ചായിരിക്കും നടത്തുന്നത്. അതിനാൽ പരീക്ഷാ നടത്തിപ്പ്, തീയതി തുടങ്ങിയവ സംബന്ധിച്ച നിർദേശങ്ങൾ

ലഭ്യമാക്കുന്ന മുറയ്ക്ക് കുട്ടികളെ അറിയിക്കേണ്ടതാണ്.

8. അഭിരുചി പരീക്ഷയിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവരുടെ അപേക്ഷ ഓൺലൈനായോ രേഖാമൂലമോ വാങ്ങി ക്രോഡീകരിച്ച് സ്കൂളിൽ സൂക്ഷിക്കേണ്ടതും അപേക്ഷകരുടെ എണ്ണം സംബന്ധിച്ച വിവരം കൈറ്റ് ജില്ലാ കോ -ഓർഡിനേറ്ററെ 2021 മാർച്ച് 12 നകം അറിയിക്കേണ്ടതാണ്.

**കെ. അൻവർ സാദത്ത്**
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് അനുവദിച്ച എല്ലാ സർക്കാർ, എയ്ഡഡ് ഹൈസ്കൂൾ പ്രഥമാധ്യാപകർക്കും
(ജില്ലാ കോ-ഓർഡിനേറ്റർ മുഖേന)

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ